**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 31.10.2023**

# "പണാപഹരണം നടത്തിയ കേസ്സിൽ കൃഷി ഓഫീസറെ കഠിന തടവിന് ശിക്ഷിച്ചു."

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ കൃഷി ഓഫീസറായിരുന്ന പി. പളനിയെ പണാപഹരണം നടത്തിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂന്നുവർഷം കഠിനതടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (31/10/2023) മൂവാറ്റുപുഴ വിജിലൻസ് കോടതി ശിക്ഷിച്ചു.

1992-ൽ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ കൃഷി ഓഫീസറായിരുന്ന പി. പളനി, സർക്കാരിന്റെ സ്പെഷ്യൽ കൂൾ സീസൺ വെജിറ്റബിൾ പ്രോഗ്രാമുമായി ബന്ധപ്പെട്ട് അഞ്ച് കൃഷിക്കാർക്കുള്ള വിത്തുകളും, കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യാതെ രേഖകളിൽ കൃത്രിമം കാണിച്ച് 2,500/- രൂപ പണാപഹരണം നടത്തിയതിന് ഇടുക്കി മുൻ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. കെ. വി. ജോസഫ് രജിസ്റ്റർ ചെയ്ത കേസ്സിലാണ് ഇന്ന് ശിക്ഷ വിധിച്ചത്. ഇടുക്കി മുൻ വിജിലൻസ് ഇൻസ്പെക്ടർമാരായ ശ്രീ. എ. സി. ജോസഫ്, ശ്രീ. ജിൽസൺ മാത്യു എന്നിവർ അന്വേഷണം നടത്തി, ഇടുക്കി മുൻ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. പി. റ്റി. കൃഷ്ണൻകുട്ടി കുറ്റപത്രം സമർപ്പിച്ച കേസ്സിൽ പ്രതിയായ പി. പളനി കുറ്റക്കാരനാണെന്ന് കണ്ടെത്തി, മൂന്നുവർഷം കഠിനതടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനും മൂവാറ്റുപുഴ വിജിലൻസ് കോടതി ഇന്ന് (31/10/2023) ശിക്ഷിച്ചു. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. സരിത വി. എ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.